Sectt. 37. 3/462/2015/1 Lakh. GPM. © Govt. of Kerala

GOVERNMENT OF KERALA

<u>സംഗ്രഹം</u>

തദ്ദേശ സ്വയം ഭരണ വകുപ്പ്-വടക്കഞ്ചേരി ഗ്രാമപഞ്ചായത്ത്- വടക്കഞ്ചേരി വില്ലേജിലെ സർവ്വേ നമ്പർ 189/23-ൽ ഉൾപ്പെട്ട നിർമ്മാണം- കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾസ് ചട്ടം 3 C(b) പ്രകാരം ക്രമവൽക്കരിച്ച്-- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയം ഭരണ (ആർബി) വകുപ്പ്

സ.ഉ (സാധാ) നമ്പർ 1880/16/തസ്വഭവ തീയതി തിരുവനന്തപുരം 08/06/2016

---

പരാമർശം:- 1) ശ്രീ. പി.കെ ഫ്രാൻസിസ്, ശ്രീ.പി.കെ.ജോർജ് പല്ലിശ്ശേരി ഹൗസ് ,ജയ നഗർ,കളത്തോട്, ഒല്ലൂക്കര പി.ഒ .തൃശ്ശൂർ എന്നിവർ 25.11.15-ൽ സമർപ്പിച്ച അപേക്ഷ

2) വടക്കഞ്ചേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 30.12.15-ലെ എ 4 10161/15 നമ്പർ കത്ത് .

3) മുഖ്യ നഗരാസൂത്രകന്റെ 30.3.16 -ലെ C2/11895/15 നമ്പർ കത്ത്.

<u>ഉത്തരവ്</u>

വടക്കഞ്ചേരി ഗ്രാമപഞ്ചായത്തിലെ വടക്കഞ്ചേരി വില്ലേജിലെ സർവ്വേ നമ്പർ 189/23-ൽ ഉൾപ്പെട്ട 5.44 സെന്റ് സ്ഥലത്തിൽ നിന്നും വാളയാർ-വടക്കഞ്ചേരി ദേശീയപാത നിർമ്മിക്കുന്നതിനു വേണ്ടി സ്ഥലം ഏറ്റെടുത്തതിനു ശേഷം ബാക്കി വരുന്ന സ്ഥലത്ത് നിർമ്മിച്ചിരിക്കുന്ന കെട്ടിടത്തിന് നമ്പർ അനുവദിക്കണമെന്ന് അപേക്ഷിച്ചുകൊണ്ട് പരാമർശം ഒന്ന് പ്രകാരം ശ്രീ. പി.കെ ഫ്രാൻസിസ്, ശ്രീ.പി.കെ.ജോർജ് എന്നിവർ സർക്കാരിൽ അപേക്ഷ സമർപ്പിക്കുകയുണ്ടായി.

2. വാളയാർ -വടക്കഞ്ചേരി ദേശീയപാത നാലുവരിയാക്കുന്നതിനോടനുബന്ധിച്ച് പരാതിക്കാരുടെ കൈവശം ഉണ്ടായിരുന്ന 5.44 സെന്റ് സ്ഥലത്തു നിന്നും 2.59 സെന്റ് സ്ഥലം ഏറ്റെടുത്തിരുന്നുവെന്നും ബാക്കിയുള്ള 2.85 സെന്റ് സ്ഥലത്താണ് വാണിജ്യ കെട്ടിടം നിർമ്മിച്ചിരിക്കുന്നതെന്നും, പഞ്ചായത്തിന്റെ അനുമതിയില്ലാതെ പുതിയതായി നിർമ്മിച്ച കെട്ടിടത്തിന് മുൻവശം സെറ്റ് ബാക്ക് 3 മീറ്റർ ആവശ്യമുള്ളടത്ത് 2.86 മീറ്ററും പുറകുവശം PWD റോഡിൽ നിന്നും 2.30 മീറ്റർ അകലം മാത്രമാണ് ലഭിക്കുന്നതെന്നും ആയതിനാലാണ് കെട്ടിട നമ്പർ അനുവദിക്കാത്തതെന്നും പരാമർശം(2) പ്രകാരം വടക്കഞ്ചേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്യുകയുണ്ടായി. പ്രസ്തുത പ്രദേശത്തിന്റെ വികസനത്തിനും ഒരു പൊതുകാര്യത്തിനും സ്ഥലം വിട്ടുനൽകിയിട്ടുള്ളതിനാൽ നിർമ്മാണത്തിന് ഇളവു നൽകുന്ന വിഷയത്തിൽ ഉചിതമായ തീരുമാനം കൈക്കൊള്ളാവുന്നതാണെന്ന് പരാമർശം മൂന്ന് പ്രകാരം മുഖ്യ നഗരാസൂത്രകൻ സർക്കാരിൽ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

3 സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. അപേക്ഷകർ 5.44 സെന്റ് സ്ഥലത്തിൽ നിന്നും 2.59 സെന്റ് സ്ഥലം വാളയാർ-വടക്കഞ്ചേരി ദേശീയപാത നിർമ്മിക്കുന്നതിനു വേണ്ടി വിട്ടു നൽകിയിട്ടുണ്ടെന്ന് വടക്കഞ്ചേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുള്ള സാഹചര്യത്തിൽ ബാക്കിവരുന്ന 2.85 സെന്റ് സ്ഥലത്തെ നിർമ്മാണത്തിന് കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾസ് ചട്ടം 3C(b) പ്രകാരമുള്ള ഇളവുകൾക്ക് അർഹമാണെന്ന് കാണുന്നു.

4. മേൽ വിവരിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ വടക്കഞ്ചേരി ഗ്രാമ പഞ്ചായത്തിലെ വടക്കഞ്ചേരി വില്ലേജിലെ സർവ്വേ നമ്പർ 89/23-ൽ ഉൾപ്പെട്ട 2.85 സെന്റ് സ്ഥലത്ത് ശ്രീ. പി.കെ ഫ്രാൻസിസ്, ശ്രീ.പി.കെ.ജോർജ് നിർമ്മിച്ചിരിക്കുന്ന കെട്ടിടത്തിന് കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾസ് ചട്ടം3C(b)പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ച് കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ നിന്നും ഒഴിവ് നൽകി ഉത്തരവാകുന്നു. പരാമർശ നിർമ്മാണത്തിന് കെട്ടിട നമ്പർ അനുവദിക്കുവാൻ ആവശ്യമായ തുടർ നടപടികൾ വടക്കഞ്ചേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സ്വീകരിക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
ബിനുകുമാർ. വി
അണ്ടർ സെക്രട്ടറി

ശ്രീ. പി.കെ ഫ്രാൻസിസ്, ശ്രീ.പി.കെ.ജോർജ്
പള്ളിശ്ശേരി ഹൗസ് ,ജയ നഗർ,കല്ലത്തോട്, ഒല്ലൂക്കര പി.ഒ .തൃശ്ശൂർ
സെക്രട്ടറി, വടക്കഞ്ചേരി ഗ്രാമപഞ്ചായത്ത്,പാലക്കാട്.
മുഖ്യ നഗരാസൂത്രകൻ,തിരുവനന്തപുരം
എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ